# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

24.08.2017-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3909

## ആദിവാസി കോളനികളിലെ അരി വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി. | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഇടമലക്കുടി ഉൾപ്പെടെയുള്ള ആദിവാസി കോളനികളിൽ സൗജന്യമായി വിതരണം ചെയ്യേണ്ട അരി യഥാസമയം വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്ന കാര്യം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ സൗജന്യമായി വിതരണം ചെയ്യേണ്ട അരി വിതരണം ചെയ്യാതെ കെട്ടികിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ബി) | ഇത്തരം കോളനികളിൽ ഭക്ഷ്യധാന്യ വിതരണം നടത്തുന്നതിന് ഏതെങ്കിലും സൊസൈറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്ക് യഥാസമയം ഫണ്ട് വിതരണം ചെയ്യാത്തതാണ് ഇത്തരം സ്ഥിതി വിശേഷത്തിന് ഇടയാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇടുക്കി ജില്ലയിലെ ഇടമലക്കുടി പട്ടികവർഗ്ഗകോളനിയിൽ റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നത് ദേവികുളം ഗിരിജൻ സർവ്വീസ് സൊസൈറ്റി മുഖേനയാണ്. റേഷൻ സാധനങ്ങളുടെ ചുമട്ട് കൂലി വിതരണം നടത്തുന്നത് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുമാണ്. 2017 ജനുവരി 31 വരെയുള്ള കുടിശ്ശിക തുക വിതരണം ചെയ്തിട്ടുണ്ട്. 01.02.2017 മുതൽ 30.04.2017 വരെയുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>അട്ടപ്പാടി മേഖലയിൽ ഭക്ഷ്യധാന്യ വിതരണം നടത്തുന്നത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയാണ്. ഫണ്ടിന്റെ ലഭ്യത കുറവ് മൂലം ഭക്ഷ്യധാന്യ വിതരണം നിലച്ചിട്ടില്ല. |
| സി) | റേഷൻ വിതരണമുൾപ്പെടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ